


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA-PHONE : 8234

വാല്യം 5 | 1984 ആഗസ്റ്റ് 19 | ലക്കം 26


## നിലയ്ക്കൽ തീർത്ഥാടന കേന്ദ്രം

## പ: ബാവാതിരുമനസ്സിലെ കല്പന

പ്രിയരെ,

പരിശുദ്ധ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ റാന്നി നിലയ്ക്കൽ ദേവാലയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളെപ്പററിയും മററും നിങ്ങൾക്കറിവുള്ളതാണല്ലോ. ദൈവത്തിന്റെ അളവററ കരുണയാൽ കേരള ക്രൈസ്തവസഭകളുടെ കൂട്ടായ പ്രവർത്തനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി 1984-ൽ സ്ഥാപിതമായ ഈ എക്യുമിനിക്കൽ ദേവാലയം ഒരു തീർത്ഥാടന കേന്ദ്രമായിത്തീർന്നിട്ടുണ്ട്. മലങ്കരയുടെ മഹാ പരിശുദ്ധനായ മാർത്തോമ്മാശ്ലീഹായുടെ അനുഗ്രഹം തേടി അനേകർ ആ പുണ്യസ്ഥലം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതായി കാണുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. ഇപ്പോഴത്തെ ദേവാലയം സ്ഥാപിക്കുന്നതിനു മുൻപും പുതിയ ദേവാലയത്തിന്റെ കൂദാശവേളയിലും അതിനുശേഷവും നിലയ്ക്കൽ പോകുവാനും അവിടെ പ്രാർത്ഥിക്കുവാനും വി. കുർബ്ബാന അർപ്പിക്കുവാനും നമുക്ക് സാധിച്ചത് വലിയ ഭാഗ്യമായി നാം കരുതുന്നു. മലങ്കരസഭാമക്കളായ നിങ്ങളേവരും നിലയ്ക്കൽ ദേവാലയത്തിന്റെ പുനഃപ്രതിഷ്ഠയിൽ സന്തോഷിക്കുന്നവരും അഭിമാനം കൊള്ളുന്നവരുമാണ് എന്ന് നമുക്കറിയാം.

ലോക ക്രൈസ്തവർക്കു് ഒരു മാതൃകയാണ് നിലയ്ക്കൽ ദേവാലയം. മാർത്തോമ്മാശ്ലീഹായുടെ പൈതൃകമുള്ള മലങ്കര നസ്രാണികൾ ഒത്തുചേർന്ന് ആരാധന നടത്തുവാൻ ദൈവം ഒരുക്കിയതാണ് നിലയ്ക്കൽ ദേവാലയം. നിലയ്ക്കൽ പള്ളി സന്ദർശിക്കാനെത്തുന്ന നമ്മുടെ സഭാംഗങ്ങളുടെ സൗകര്യാത്ഥം പള്ളിയ്ക്കു് സമീപമുള്ള ആംഗമൂഴിയിൽ ഒരു സ്ഥാപനം ഉണ്ടാകണം എന്ന് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയിച്ചതനുസരിച്ച് സൗകര്യപ്രദമായ സ്ഥാനത്ത് നമ്മുടെ സഭവകയായി ഒരു സ്ഥലം വാങ്ങുകയും അവിടെ പണിയുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം 1988 ജനുവരി 31-ാം തീയതി നാം നിർവ്വഹിക്കുകയും ചെയ്തു. നമ്മുടെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും അനേകംവൈദികരും സഭാംഗങ്ങളും ആ ചടങ്ങിൽ സംബന്ധിച്ചിരുന്നു. പ്രസ്തുത സ്ഥലത്തിന്റെ വിലയായ ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപായും തിരുവല്ല പൈനുംമൂട്ടിൽ പി. സി. തോമസ് Ex. M.L.A. സംഭാവനയായി നൽകിയതാണ്. ആയത് നന്ദിപൂർവ്വം നാം സ്മരിക്കുന്നു. കൂടാതെ സഭാസ്നേഹികളായ ഏതാനും ആളുകളും ഇതിനോടകം ഈ സംരംഭത്തെ സഹായിച്ചിട്ടുണ്ട്.

ഇപ്പോൾ പണിയുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിനും, വസ്തുവിന്റെ അതിരുകൾ ശരിയാക്കുന്നതിനുമായി ഇരുപതു ലക്ഷം രൂപാ ചെലവുവരുന്ന ഒരു പ്ളാനാണ് തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെ പെരുനാട് ബഥനി ആശ്രമത്തിലെ ദാനിയേൽ O.I.C. കത്തനാരെ പ്രസ്തുത കാര്യങ്ങളുടെ മേൽനോട്ടത്തിനായി നാം നിയമിച്ചിട്ടുണ്ട്.

കർത്താവിൽ വാത്സല്യ മക്കളെ,

നമ്മുടെ ഈ വലിയ അഭിലാഷം നിറവേററുന്നതിലേയ്ക്കു് സ്നേഹനിധികളായ നിങ്ങളേവരും മുൻപോട്ടു വന്ന് സഹായിക്കണം. നമ്മുടെ സഭയുടെ സ്ഥാപകനായ മാർത്തോമ്മാശ്ളീഹായുടെ നാമത്തിൽ സഭയിൽ പൊതുവായി ഉണ്ടാകുന്ന ഒരു സ്ഥാപനമാണിത്. ആയത് പൂർത്തീകരിക്കപ്പെടുവാൻ നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കണം. നിങ്ങളുടെ പരമാവധി സഹായം ഈ സംരംഭത്തിന് നിങ്ങൾ നൽകണം. ആ ഇടവകയിൽ നിന്നുള്ള സംഭാവന Building Fund For Nilackal St. Thomas Orthodox Centre എന്ന് പ്രത്യേകം രേഖപ്പെടുത്തി കഴിവതും വേഗം നമ്മുടെ പേർക്ക് അയച്ചുതരണം.

ശേഷം പിന്നാലെ;

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

## അമേരിക്കൻ മെത്രാസന യോഗം: ഫിലാഡൽഫിയായിൽ

ഷേബാലി

ചിക്കാഗോ: അമേരിക്കൻ മെത്രാസന യോഗം ഫിലാഡൽഫിയായിലെ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സെപ്തംബർ 3 ശനിയാഴ്ച ചേരുന്നതാണ്. യോഗത്തിൽ ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും.

കൊല്ലം ഭദ്രാസനത്തിന്റെ സഹായ മെത്രാൻ മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പാ യോഗത്തെ അഭിസംബോധന ചെയ്യും.

ഭദ്രാസന മെത്രാപ്പോലീത്തായുടെ നോട്ടീസ് കല്പന വായിച്ചുകൊണ്ട് ആരംഭിക്കുന്ന യോഗത്തിൽ ഭദ്രാസനത്തിന്റെ വാർഷിക കണക്കുകളും റിപ്പോർട്ടും അവതരിപ്പിക്കും. പുതിയ വർഷത്തേക്കുള്ള ബജററ് അവതരിപ്പിച്ച് പാസാക്കുക, പുതിയ വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുക, പുതിയ വർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെ രൂപ രേഖ തയ്യാറാക്കുക എന്നിവയായിരിക്കും മററു യോഗ നടപടികൾ.

കൂടുതൽ വിവരങ്ങൾക്ക് ഫാ. സി. ജെ. ജോൺസൺ (718-769-2503) ഭദ്രാസന കൗൺസിൽ അംഗം വി. സി. ജോർജ് (215-673-9367) എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

ഭദ്രാസന യോഗത്തിൽ സംബന്ധിക്കുന്ന വൈദികരുടെയും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെയും യാത്രച്ചിലവ് അതതു് ഇടവകകൾ നല്കണമെന്ന് ഇടവക മെത്രാപ്പോലീത്തായുടെ ഒരു കല്പനയിൽ പറയുന്നു.

## സ്ളീബാ ദാസ വാർഷികം പാമ്പാക്കുട പള്ളിയിൽ

മുളന്തുരുത്തി: സ്ലീബാദാസ സമൂഹത്തിന്റെ അറുപത്തിനാലാം വാർഷികം പാമ്പാക്കുട വലിയപള്ളിയിൽ സെപ്തം: 14-ന് ആഘോഷിക്കുന്നതാണ്.

ഫിലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന വാർഷിക സമ്മേളനം ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. ഫാ: ജോൺസ് ഏബ്രഹാം കോനാട്ട്; ഫാ: കെ വി. സാമുവൽ; കെ വി. മാമൻ (മനോരമ) എന്നിവർ പ്രസംഗിക്കുന്നതാണ്.

സെപ്തംബർ 12, 13 തീയതികളിൽ സ്ലീബാദാസൻമാർക്കുള്ള സുവിശേഷ ക്ലാസും ധ്യാനവും ഫാ: കെ. ടി. ഫിലിപ്പ് നയിക്കും.

## പ്രസിദ്ധീകരിച്ചു

കോട്ടയം: ദിവ്യബോധനം പഠന പദ്ധതിയിലെ 'ഭൂമിയിൽ പറുദീസാ' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഫാ. ഒ. തോമസ് രചിച്ച ഈ കൃതി ക്രിസ്തീയ കുടുംബ ജീവിതത്തിന്റെ വിവിധ വശങ്ങൾ അനാവരണംചെയ്യുന്നു. ദിവ്യബോധന പരമ്പരയിലെ ഇരുപതാമത്തു് ഗ്രന്ഥമാണ് 'ഭൂമിയിൽ പറുദീസാ'.

### അറിയിപ്പ്

തിരുവോണം പ്രമാണിച്ച് പ്രസ്സ് അവധിയാകയാൽ അടുത്തയാഴ്ച പത്രം പ്രസിദ്ധീകരിക്കുന്നതല്ല.

മാനേജർ

## ഷിക്കാഗോയിൽ ഗാനനിശ ആഗസ്റ്റ് 27ന്

ഷേബാലി

ഇല്ലിനോയിസ്: പുതുക്കിപ്പണിയുന്ന ഷിക്കാഗോ സെൻറ് ഗ്രീഗോറിയോസ് പള്ളിയുടെ ധനശേഖരണാത്ഥം സുപ്രസിദ്ധ പിന്നണി ഗായകൻ കെ. ജി. മർക്കോസിന്റെ നേതൃത്വത്തിലുള്ള ഗ്രൂപ്പിന്റെ സംഗീത നിശ ആഗസ്റ്റ് 27 ശനിയാഴ്ച വെസ്റ്റ് വിത്സൺ അവന്യൂവിലുള്ള റൂസ്വെൽട്ട് ഹൈസ്ക്കൂളിൽ നടത്തും.

നൂറോളം കുടുംബങ്ങൾ അംഗങ്ങളായുള്ളപള്ളിയുടെ സ്ഥലപരിമിതിമൂലമാണ് പൊതുയോഗം പുതിയ തീരുമാനം കൈക്കൊണ്ടത്.

സംഗീതനിശയുടെ നടത്തിപ്പിലേക്ക് വികാരി ഫാ. കെ. ജി. ഡാനിയേൽ, അലക്സാണ്ടർ ഫിലിപ്പ്, ജോൺ വി. ജോൺ, ഐപ്പ് മാത്യു, രാജൻ പണിക്കർ, മത്തായി മാത്യു, കോര പോളച്ചിറ, കോശി വൈദ്യൻ, ജോസ് ആൻറണി പുത്തൻ വീട്ടിൽ എന്നിവർ പ്രവർത്തിക്കുന്നു.

## ശ്രാദ്ധപ്പെരുന്നാൾ ആചരിച്ചു

റാന്നി: പെരുനാട് ബഥനി ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന അലക്സിയോസ് മാർ തേവോദോസ്യോസ്; യൂഹാനോൻ മാർ അത്താനാസ്യോസ് എന്നീ മെത്രാപ്പോലീത്തൻമാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ 1988 ആഗസ്റ്റ് 6-ന് ആശ്രമചാപ്പലിൽ ആഘോഷിച്ചു.

നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്; ഗീവറുഗീസ് മാർ ഒസ്താത്തിയോസ്; ജോസഫ് മാർ പക്കോമിയോസ്; ഫിലിപ്പോസ്; മാർ യൗസേബിയോസ്; പൗലൂസ് മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്തൻമാർ പെരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നല്കി.

മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ വി. കർബ്ബാന അർപ്പിക്കുകയും മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസംഗിക്കയും ചെയ്തു. ധൂപപ്രാത്ഥന; ആശീർവാദം നേർച്ച വിളമ്പ് എന്നിവയോടെ പെരുനാൾ സമാപിച്ചു ഉച്ചയ്ക്കു ശേഷം സാധുക്കൾക്ക് അരിവിതരണം നടത്തി.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 ആഗസ്റ്റ് ലക്കം 26

# നീതിമാൻെറ ശാസന

ശാസന കൈക്കൊള്ളാത്ത മനുഷ്യൻ അധമനാണ്; പ്രത്യേകിച്ചും നീതിമാനായ ഒരുവൻെറ ശാസനം അതു് അഹങ്കാരത്തിൻെറയും ജ്ഞാനരാഹിത്യത്തിൻെറയും പ്രധാന ലക്ഷണമായി വ്യവഹരിക്കാം. വിനയക്കുറവാണ് പലരെയും ശാസന വെറുക്കാൻ പ്രേരിപ്പിക്കുന്നതു് 'അയാറം എന്നെ ശാസിക്കാൻ ഉപദേശിക്കാൻ ആരാണ്; ഞാൻ അത്ര കുറഞ്ഞവനൊന്നുമല്ല' എന്നായിരിക്കാം പലരുടെയും മനോഗതി. ചിലർ ശാസന ശ്രദ്ധിക്കുന്നുവെന്നു ഭാവിക്കുകയും, അതു് തങ്ങളെ ബാധിക്കുന്നതല്ല എന്ന രീതിയിൽ പെരുമാറുകയും ചെയ്യുന്നതും അപൂർവ്വമല്ല.

ശാസനയെ വെറുക്കാൻ പ്രേരിപ്പിക്കുന്നതു് എന്താണ്? പല കാരണങ്ങളാൽ വ്യക്തികളിൽ രൂപംകൊള്ളുന്ന മുൻവിധിതന്നെ. ശാസിക്കുന്നവർ അത്ര തികഞ്ഞവരല്ല, ശാസിക്കപ്പെടാൻ തക്കവണ്ണം താൻ ചെറുതല്ല, ഇക്കാലത്തു് ആരും ആരെയും ശാസിക്കേണ്ടതില്ല, ആരും ആരെയുംകാറം 'മെച്ചമല്ല.... ഇങ്ങനെയെല്ലാം കാരണങ്ങറം കണ്ടുപിടിച്ചെന്നുവരും. ചിലപ്പോഴെങ്കിലും ശാസനയുടെ ഭാഷയും രൂപവും സ്വരവും അനുയോജ്യമല്ലാതായേക്കും എന്നതും വിസ്മരിക്കത്തക്കതല്ല.

ഏതുതരം ശാസനയായാലും അതിൻെറ ഉദ്ദേശ്യം വ്യക്തമായിരിക്കണം ശാസിക്കുന്നയാളിൻെറ ഗർവ്വും, ഗൗരവവും, കാര്യപ്രാപ്തിയും കർമ്മകുശലതയും പ്രകടമാക്കാനൊരു അവസരമായി ശാസനയെ കാണുമ്പോഴാണ് അതു് വിനയായിത്തീരുന്നതു്. വ്യക്തമായ ഒരുദ്ദേശ്യമില്ലാതെ അപ്പോഴത്തെ കോപവും താപവും ഒന്നു് അടക്കുന്നതിനാണ് പലരും ശാസിക്കുന്നതു് എന്നു തോന്നിപ്പോകും. ശാസനയ്ക്കു എപ്പോഴും ഉദ്ദേശലക്ഷ്യങ്ങളുണ്ട്. ശാസിക്കപ്പെടുന്നയാളിനെ ചില കാര്യങ്ങറം ബോദ്ധ്യപ്പെടുത്തി നേർവഴിക്കു തിരിക്കാനുതകുന്നില്ലെങ്കിൽ പിന്നെ ശാസനകൊണ്ടു് ആർക്കു് എന്തു പ്രയോജനമാണുണ്ടാവുക? ശാസന കർത്താവിൻെറ രക്തസമ്മർദ്ദവും രക്തത്തിലെ പഞ്ചസാരയുടെ അളവും വർദ്ധിക്കുകയും, ശാസന കേറംക്കേണ്ടി വരുന്നയാളിൽ വിദ്വേഷവും അവജ്ഞയും വളരുകയുമായിരിക്കും ധൃതിപ്പെട്ടുള്ള ശാസനയുടെ ആദ്യത്തെ ഫലം. കോപത്തിൻെറ ആദ്യപാദങ്ങളിൽ ശാസിക്കാനൊരുമ്പെടാതെ ഒന്നു തണുത്തിട്ടു് ശാസനയായാൽ ഏറെ പ്രയോജനമുണ്ടാകും.

# ധ്യാനപീഠം

കോപതാപാദികളുടെ അത്യുച്ചാവസ്ഥയിൽ ശാസിക്കാൻ തുടങ്ങിയാൽ പറയേണ്ടതു് പറയാൻ സാവകാശം ലഭിക്കയില്ലെന്നു മാത്രമല്ല, 'പറയേണ്ടിയിരുന്നില്ല' എന്നു പിന്നീട് മനസ്താപപ്പെടേണ്ടിവരുന്ന പലതും പറഞ്ഞുപോവുകയുമായിരിക്കും ഫലം. കോപമടങ്ങിയശേഷം ശാസനയാൽ അതു് കേറംക്കുന്നതിൽ വലിയ വൈഷമ്യമുണ്ടാകാൻ തരമില്ല. നീതിമാൻെറ ശാസന ആരെയും ഉപദ്രവിക്കാനാവില്ല നേരെയുള്ള പാതയിൽ നടക്കാതെ വഴിമാറിപ്പോകുന്നവരെ കാണുമ്പോഴായിരിക്കും നീതിമാനു് ക്ഷമ നശിക്കുന്നതു്. അങ്ങനെയുള്ള ഒരാളിനെ നേർവഴിക്കു തിരിക്കണമെന്നൊരുദ്ദേശ്യമേ നേർബുദ്ധിയായ ആളിനുണ്ടാവൂ.

ശാസന കേറംക്കുന്നതാകട്ടെ അത്ര സുഖമുള്ള കാര്യമല്ല എന്നാണ് അധികം മനുഷ്യരും ചിന്തിക്കുന്നതു്. 'ചൂടാകാതെ കാര്യം പറഞ്ഞാൽപോരെ' എന്നു പറയുന്നവരെ ധാരാളമായി നമുക്കു് കാണുവാൻ കഴിയും. ഉള്ള കുററത്തിനോ, ഇല്ലാത്തതിനോ ശാസിക്കപ്പെടാൻ ആരാണ് ഇഷ്ടപ്പെടുക? എന്നാൽ ശാസന വചസ്സുകളെ ശിരസ്സാ വഹിച്ചു് വിനയപൂർവ്വം അതു് തങ്ങളുടെ നന്മയെ ലാക്കാക്കിയുള്ളതാണെന്നു ഗ്രഹിക്കുന്നവർ അപൂർവ്വമായെങ്കിലുമുണ്ടു്. ശാസനയെ ഇഷ്ടപ്പെടേണ്ടതാണ്; വിശേഷിച്ചും നീതിമാനായവൻെറ—എന്നത്രെ സങ്കീർത്തനഭാഷ്യം. നീതിമാൻെറ ശാസന ശിരസ്സിനു് തൈലമെന്നവണ്ണം സുഖദായകമാണ്. അതിനെ വെറുക്കുന്നവൻ ഉദ്ധതമാനസനാണ്, വിനയസമ്പന്നനല്ല.

ശാസന കേറംക്കുന്ന നിമിഷംതന്നെ അതിൻെറ സമ്പൂർണ്ണമായ അർത്ഥമോ ഉദ്ദേശ്യമോ ഗ്രഹിക്കാൻ കഴിഞ്ഞെന്നുവരില്ല. പക്ഷെ സമയം കഴിയുംതോറും ഉത്തമ ഉദ്ദേശ്യത്തോടെയുള്ള ശാസനാവാക്കുകളുടെ ഗുണപരമായ മേന്മ തെളിഞ്ഞുവരും. അപ്പോഴാണ് ശാസനകേട്ടതു് പ്രയോജനകരമായി എന്നു ബോദ്ധ്യം വരുന്നതു്. ശക്തമായ ശാസനകറം പലർക്കും ജീവിതത്തിൽ നിത്യനൂതനമായ സാധനാ പാഠങ്ങളായി ഭവിച്ചിട്ടുണ്ടു്. ഭാവിജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിൽ ഉത്തമരായ മനുഷ്യരുടെ ശിക്ഷയും ശാസനയും പലർക്കും പ്രയോജനപ്പെട്ടിട്ടുണ്ടു് എന്നതു് പരമാർത്ഥം മാത്രം. സദുദ്ദേശത്തോടെയുള്ള ശാസന ജീവിതത്തിൽ ഒരു വഴിത്തിരിവായി അനുഭവപ്പെട്ടിട്ടുള്ളവർ അനേകരുണ്ടു് അങ്ങനെ ഒരു ശാസന ഉണ്ടായിരുന്നില്ലെങ്കിൽ അവർക്കു് ഒരു 'വെളിച്ചം' ലഭിക്കാതെ പോകുമായിരുന്നു.

ആധുനിക ലോകത്തു് മനുഷ്യരുടെ ഇടയിൽ ധാരണയും, പരസ്പരം വിശ്വാസവും, കടപ്പാടുകളും, ബാദ്ധ്യതകളും ത്യാഗപൂർവ്വമായ വ്യക്തിബന്ധങ്ങളും കുറഞ്ഞു വരുമ്പോറം ശാസന, എത്ര നല്ല ഉദ്ദേശ്യത്തോടെ നൽകിയാലും അതിനെ എതിർക്കുന്നവരുണ്ടാവും. എങ്കിലും ന്യായമായ ശാസന ഒരിക്കലും അസ്ഥാനത്തല്ല. മനുഷ്യരുടെ ഇടയിൽ തിന്മ നിൽക്കുന്നിടത്തോളം ശാസനയും ശിക്ഷയുമില്ലാതെ വന്നാൽ ലോകത്തിൻെറ ഗതിയെന്താകും?

**പ്രാർത്ഥന:** ദൈവമെ! എന്നിലേ തിന്മയുടെ ബഹുത്വം കൊണ്ടു്, എൻെറ നടപടികളിൽ വഴിത്തെററലുകളുണ്ടാകുമ്പോറം എനിക്കു് നീതിമാന്മാരുടെ ശാസനവും ഉപദേശവും ലഭ്യമാക്കണമേ. നീതിമാൻെറ ശാസനയെ ഞാൻ സ്വാഗതം ചെയ്യും. അതു് എന്നെ നേർവഴിക്കു തിരിക്കട്ടെ. ശാസനയെ വെറുക്കുന്ന അഹങ്കാരികളോടൊപ്പം ശിക്ഷാർഹനാകാൻ എനിക്കിടയാകരുതേ!

**ചിന്താവിഷയം** സങ്കീ: 141:5 'നീതിമാൻ എന്നെ അടിക്കുന്നതു ദയ. അവൻ എന്നെ ശാസിക്കുന്നതു് തലയ്ക്കു എണ്ണ; എൻെറ തല അതിനെ വിലക്കാതിരിക്കട്ടെ'

**ഫാ. ജേക്കബ് ചെറിയാൻ**

ധ്യാനവേദി — അദ്ധ്യായം പന്ത്രണ്ടു് തുടർച്ച

# ക്രിസ്താനുകരണം

**തോമസ്. എ. കെംപിസ്**

## വിശുദ്ധമായ കുരിശിൻെറ രാജമാർഗ്ഗത്തെപ്പററി

അനശ്വരമായ കിരീടം നേടാനും ആന്തരമായ ശാന്തി സ്വന്തമാക്കാനും നിങ്ങറം ആഗ്രഹിക്കുന്നുണ്ടെങ്കിൽ സദാ സമയവും ക്ഷമയോടെ നീങ്ങണം.

സന്തോഷത്തോടെ നിങ്ങറം നിങ്ങളുടെ കുരിശിനെ വഹിക്കുന്നെങ്കിൽ ഇനിയും സഹനങ്ങളില്ലാത്ത ആ അഭികാമ്യ ലക്ഷ്യത്തിലേയ്ക്കു് അതു് നിങ്ങളെ നയിക്കും. മനസ്സില്ലാമനസ്സോടെ നിങ്ങറം അതിനെ വഹിക്കുന്നെങ്കിൽ നിങ്ങറം അതിനെ ഒരു ഭാരമാക്കുകയും ആ ഭാരത്താൽ നിലംപതിക്കുകയും ചെയ്യും; എന്നാലും അതിനെ നിങ്ങറംക്കു് വഹിക്കേണ്ടിവരും. നിങ്ങറം ഒരു കുരിശു് ദൂരേയ്ക്കു് എറിഞ്ഞുകളഞ്ഞാലും മറെറാന്നിനെ നിങ്ങറം കണ്ടെത്തും; മിക്കവാറും വഹിക്കാൻ പ്രയാസമേറിയ മറെറാന്നിനെ തന്നെ.

ഈ ഭൂമിയിൽ ഒരു മനുഷ്യനും ഒഴിവാക്കാൻ സാധിച്ചിട്ടില്ലാത്തതിൽനിന്നും രക്ഷപെടാൻ നിങ്ങറംക്കു കഴിയുമെന്നു് വിചാരിക്കുന്നുണ്ടോ? ഇഹലോകത്തിൽ ആയിരിക്കെ ഏതെങ്കിലും ഒരു വിശുദ്ധൻ കുരിശിൽനിന്നും പരീക്ഷണത്തിൽനിന്നും രക്ഷപെട്ടിട്ടുണ്ടോ? ജീവിച്ചിരിക്കെ, നമ്മുടെ നാഥനായ യേശുക്രിസ്തുപോലും ഒരു വിനാഴികയോളം നീണ്ടുനിന്ന തൻെറ കഷ്ടാനുഭവത്തിൻെറ വേദനയിൽനിന്നു് വിമുക്തനായില്ല. ''അതു് സ്വാഭാവികമായിരുന്നു'' അദ്ദേഹം പറഞ്ഞു, ''ക്രിസ്തു സഹിക്കണമെന്നതും മൃതരിൽനിന്നു് ഉയിർത്തെഴുന്നേല്ക്കണമെന്നതും, അവൻെറ മഹത്വത്തിൽ പ്രവേശിക്കണമെന്നതും.'' വിശുദ്ധ കുരിശിൻെറ വഴിയായ ഈ രാജമാർഗ്ഗമല്ലാതെ മറേറതെങ്കിലും വഴി നിങ്ങറം എങ്ങനെ അന്വേഷിക്കും? ക്രിസ്തുവിൻെറ സമസ്തജന്മവും, ഒരു കുരിശും ഒരു രക്തസാക്ഷിത്വവുമായിരുന്നു— ശാന്തിയും സന്തോഷവുമാണ് നിങ്ങറം പ്രതീക്ഷിക്കുന്നതു്? പ്രയാസങ്ങളെ സഹിക്കുകയല്ലാതെ മറെറന്തെങ്കിലും ചെയ്യാമെന്നു് പ്രതീക്ഷിക്കുന്നെങ്കിൽ നിങ്ങറം വളരെ വളരെ തെററായി നീങ്ങുകയാണ്; എന്തെന്നാൽ മരണമുള്ള ഈ ജീവിതം നിറയെ ദുഃഖങ്ങളാണ്; ഉടനീളം അതു് കുരിശുകളാൽ അടയാളം ചെയ്തിരിക്കുന്നു— ഉത്ഥാനം ചെയ്യാൻ തുടങ്ങുമ്പോറം, ആദ്ധ്യാത്മിക പുരോഗതി പ്രാപിക്കുമ്പോറം, കൂടുതൽ ഭാരവത്തായ കുരിശുകളെ ഒരു മനുഷ്യൻ കണ്ടെത്തുക സാധാരണമാണ്; എന്തെന്നാൽ അവൻെറ വികസ്വരമായ സ്നേഹം അവൻെറ പ്രവാസത്തെ ദുർവ്വഹമാക്കുന്നു.

എന്നാൽ ഈ എല്ലാ പീഡനങ്ങളും സഹിക്കുന്ന മനുഷ്യൻ ആശ്വാസമോ സാന്ത്വനമോ ഇല്ലാത്ത അവസ്ഥയിലല്ല; എന്തെന്നാൽ തൻെറ കുരിശുവഹിക്കുന്നതിലൂടെ മഹത്തായ നേട്ടങ്ങറം തനിക്കാഗമിക്കുന്നുവെന്നവൻ അറിയുന്നു; സ്വമേധയാ അതിനുതന്നെ വിധേയമാക്കുന്നിടത്തോളം, ദൈവസാന്ത്വനത്തിൻെറ വാഗ്ദാനമായി അയാളുടെ സഹനത്തിൻെറ അഖിലഭാരവും രൂപാന്തരപ്പെടുന്നു. സഹനത്താൽ അവൻെറ ശരീരം എത്രകൃശമാകുന്നുവോ അത്രയ്ക്കു് അവൻെറ ആത്മാവു് അധികമായി ആന്തരവരപ്രസാദത്താൽ ശക്തീകരിക്കപ്പെടുന്നു— ക്രിസ്തുവിൻെറ കുരിശായിതന്നെ വാർത്തെടുക്കുവാനുള്ള സ്വയാഭിലാഷം അവനെ പരീക്ഷണങ്ങളും ബുദ്ധിമുട്ടുകളും അഭിലഷിക്കുന്നവനാക്കിത്തീർക്കുന്നു; ഇതിൽത്തന്നെ അത്രയ്ക്കു് ശക്തികാൺകയാൽ കഴിവുള്ളിടത്തോളം തൻെറ ദുഃഖത്തിൽനിന്നും കഷ്ടതയിൽനിന്നും മുക്തനാക്കപ്പെടാൻ അയാറം ആഗ്രഹിക്കുന്നില്ല. കാരണം ദൈവത്തിനായി അസംഖ്യവും കനത്തതുമായ ഭാരങ്ങറം വഹിക്കുന്നതിലൂടെ താൻ അവനു് കൂടുതൽ സ്വീകാര്യനായിത്തീരുന്നു വെന്നവൻ വിശ്വസിക്കുന്നു.

ഈ അഭിലാഷം ഏതെങ്കിലും മാനുഷിക നന്മമൂലമല്ല പ്രത്യുത ക്രിസ്തുവിൻെറ വരപ്രസാദത്താലാണ്; അതു് മനുഷ്യൻെറ ദുർബ്ബല ശരീരത്തിൽ എത്രയോ ശക്തമായി പ്രവർത്തിക്കുന്നു; അതുകൊണ്ടു് ആത്മാവിൻെറ എരിയുന്ന ആവേശത്തിലൂടെ അതു് സ്വാഭാവികമായും വെറുക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്ന വസ്തുക്കറംക്കായിത്തന്നെ യത്നിക്കുകയും അവയെ സ്നേഹിക്കുകയും ചെയ്യുന്നു. കുരിശിനെ വഹിക്കുക, കുരിശിനെ സ്നേഹിക്കുക, സ്വന്തം ശരീരത്തെ പ്രഹരിച്ചു് അതിനെ തൻെറ അടിമയാക്കുക, ബഹുമതികളെ വർജ്ജിക്കുക, അവമതികളെ ആമോദത്തോടെ വഹിക്കുക, തന്നോടു് സ്നേഹാദരം കാണിക്കാതിരിക്കുക, അപരന്മാരിൽ നിന്നു് അതു് പ്രതീക്ഷിക്കാതിരിക്കുക, എല്ലാത്തരം വൈപരീത്യവും നഷ്ടവും സഹിക്കുക ഇഹലോകത്തിലെ ക്ഷേമത്തിനായി ആഗ്രഹം ഇല്ലാതിരിക്കുക, ഇവയെല്ലാം ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം നിങ്ങറം നിങ്ങളിൽത്തന്നെ ആശ്രയിച്ചാൽ, ഇവയിലൊന്നുംതന്നെ ചെയ്യാനുള്ള ശക്തി നിങ്ങറംക്കില്ലെന്നും നിങ്ങറം കാണും; എന്നാൽ നാഥനിൽ നിങ്ങറം വിശ്വാസം അപ്പിച്ചാൽ, സ്വർഗ്ഗത്തിൽ നിന്നു് ശക്തി നിങ്ങറംക്കായി ദാനം ചെയ്യപ്പെടും; മാത്രമല്ല ഈ ലോകവും നിങ്ങളുടെ സഹജസ്വത്വവും നിങ്ങറംക്കധീനമാക്കപ്പെടും. ക്രിസ്തുവിൻെറ കുരിശുമായി ഒപ്പുവയ്ക്കുകയും, വിശ്വാസത്താൽ സായുധമാകുകയും ചെയ്താൽ നിങ്ങറം നിങ്ങളുടെ ശത്രുവായ സാത്താനെപ്പോലും ഭയപ്പെടുകയില്ല.

ആരാധനാപഠനം

# ആരാധനാഗീതസമീക്ഷ

**പ്രൊഫ. എൻ. ഐ. നൈനാൻ ശൂരനാട്**

സ്ലീബാ– രാത്രി മൂന്നാം കൗമ തുടർച്ച

ഗീതം:–

ആർക്കായ് കാഴ്ചകളിവിടെ
യണ–
യ്ക്കുന്നോ ഭാഗ്യമവന്നേററം
മേൽ സ്വർഗ്ഗത്തിലവന്നോർമ്മ
യതുണ്ടാകും
ഗോത്രപ്പേരുകളോർമ്മ
യ്ക്കായ്
കർത്താവിൻ മുമ്പിൽ
കാൺമാൻ കല്ലുകളിൽ
മൂശാ
കൊത്തിയ തോർക്കുമ്പോറം
നിങ്ങറം തൻ മൃതർപേരു
കളെ
ഓർക്കാനും പള്ളിയിലി
വിടെ
എഴുതാനും മേൽ സ്വർഗ്ഗ
ത്തിൽ മിശിഹാതൻ
വിൽ തന്നോ–
ടവർ മോദിപ്പാനും ചേർ
പ്പിൻ പ്രിസ്ഥായിൽ
മൊറ।യോ

ജീവിച്ചിരിക്കുന്നവർ ഇവിടെ ആർക്കുവേണ്ടി കർബ്ബാന അർപ്പിക്കുന്നുവോ ആയവനു ഭാഗ്യം. എന്തെന്നാൽ അവൻെറ ഓർമ്മ മേൽ സ്വർഗ്ഗത്തിൽ എഴുതപ്പെടുന്നു. കർത്താവിൻെറ മുമ്പാകെ നിരന്തരമായ ഓർമ്മ കഴിക്കുന്നതിനായി മോശ ഗോത്രപിതാക്കന്മാരുടെ പേരുകറം എഴുതി(സംഖ്യ 1:44) അതുപോലെ ഇവിടെ സഭയിൽ ഓർക്കപ്പെടുവാനും മിശിഹാ തമ്പുരാൻെറ വരവിങ്കൽ തന്നോടൊന്നിച്ച ആനന്ദിപ്പാനും ആയിട്ടു് ജീവൻെറ

(ശേഷം 5-ാം പേജിൽ)

# പുതിയ പുലരികൾ തേടി

അന്തിനാട്ട് ജോസ്

## അദ്ധ്യായം ഏഴ്

തണുത്ത കാറ്റ് മരച്ചില്ലകൾക്ക് ഇമ്പം പകർന്ന് തെന്നിതെന്നി നടക്കുന്നു. മലയോരത്തുനിന്നും വരുന്ന പാതിരാക്കാറ്റ്. വാനമ്പാടികളുടെ ചിറകടിസ്വരങ്ങൾ അലിഞ്ഞ കാറ്റ്.

നിലാവിന്റെ നിഴലിൽ പ്രപഞ്ചമാകെ ഒരു സ്വപ്നലോകം പോലെ തോന്നിക്കുന്നു. നിലാവും നിഴലും ഇണചേർന്നു കിടക്കുന്ന രാത്രി.

അകലെ പശ്ചിമാംബരത്തിൽ ഒരു വലിയ വാൽനക്ഷത്രം വർദ്ധിച്ച പ്രഭ ചൊരിയുന്നു.

ചേച്ചമ്മ ചുറ്റും നോക്കി. സമീപത്തെങ്ങും ഒരു മനുഷ്യജീവി പോലുമില്ല. നേരം ഒരു മണിയോട്ട് അടുത്തിരിക്കുന്നു. ശൂന്യമായ നിരത്തിലൂടെ എലികൾ തലങ്ങും വിലങ്ങും ഓടുന്നു.

ചേച്ചമ്മ ഗേറ്റിങ്കലെത്തിനിന്നു. എവിടേയ്ക്കു പോകണമെന്നോ, എങ്ങനെ പോകണമെന്നോ ഒരു നിശ്ചയവുമില്ല. എങ്കിലും അവർ മനസ്സുകൊണ്ട് ഒന്നു കണക്കു കൂട്ടി. എങ്ങനെയെങ്കിലും നടന്നു നടന്ന് ലിറ്റിൽ ഫ്ളവർ കോൺവെൻറിലെത്തുക. അവിടെനിന്നും നേരം പുലരുമ്പോൾ യാത്രയാവുക. പത്രങ്ങളായ പത്രങ്ങളിലെല്ലാം ഒരു പരസ്യം കൊടുക്കുക. ഏതെങ്കിലും ഒരു പത്രം വിൽസൺ കാണാതിരിക്കില്ല. അതു കണ്ട് അവൻ തീർച്ചയായും തന്നെ കാണാൻ ഓടിയെത്താതിരിക്കില്ല.

എവിടെങ്കിലും അവനെ കണ്ടെത്തുക. തന്റെ ആത്യന്തികമായ ലക്ഷ്യം അതൊന്നു മാത്രമാണ്. അവൻ പോയിട്ട് ഏതാനും മണിക്കൂറുകൾ കഴിഞ്ഞിരിക്കുന്നു. ഇനിയും അമാന്തിച്ചാൽ അവനും ഭാര്യയുംകൂടി വീണ്ടും നാടു വിട്ടെന്നിരിക്കും. അതിനു മുമ്പേ അവരെ കണ്ടെത്തണം.

വിൽസനെ കാണാതിരിക്കാൻ തനിക്കു വയ്യ. താൻ അവനെ ചെറുപ്പം മുതൽ എത്ര കണ്ടു സ്നേഹിച്ചിരുന്നു. അവന്റെ കൈയോ കാലോ വളരുന്നതെന്നറിയാതെ താനവനെ വളർത്തിയതാണ്.

ചെറുപ്പത്തിൽ ചെയ്ത ചെറിയൊരു തെറ്റിന്റെ പേരിൽ അവനെ–ആജീവനാന്തം വെറുക്കുന്നതു ശരിയാണോ? പാപികളെ ക്രിസ്തുപോലും സ്നേഹിച്ചിരുന്നില്ലേ? അവിടുന്ന് പാപികൾക്കും അഭയം നൽകുകയല്ലേ ചെയ്തത്? അവിടുന്ന് ലോകത്തിലെ ഒരു പാപിയേയും വെറുത്തിട്ടില്ല. എല്ലാവരെയും തന്റെ സങ്കേതങ്ങളിലേയ്ക്ക് മാടി വിളിക്കുകയല്ലേ ചെയ്തത്?

പിന്നെന്തിന് തങ്ങൾ വിൽസനെ വെറുക്കുന്നു? മുടിയനായ പുത്രനെപ്പോലും അവന്റെ പിതാവ് എത്ര ഊഷ്മളമായാണ് സ്വീകരിച്ചത്?

അവനുവേണ്ടി ആ പിതാവ് തന്റെ കൊഴുത്ത കാളക്കുട്ടിയെ കൊന്ന് സൽക്കാരങ്ങൾ നടത്തിയില്ലേ?

എല്ലാം മറന്നുകൊണ്ട് തന്റെ ഭർത്താവ് ചെയ്യുന്നത് എന്തൊരു അനീതിയാണ്? ഇതിനെയെല്ലാം തകർക്കേണ്ടതും ചോദ്യം ചെയ്യേണ്ടതും ഒരു ഭാര്യയായ, അമ്മയായ തന്റെ കടമയല്ലേ?

സ്വന്തം പുത്രനെ കാണണമെന്ന് ഒരു മാതാവു പറയുന്നതിനു ആർക്കെങ്കിലും എതിർക്കാൻ കഴിയുമോ? ഒരു മാതൃഹൃദയത്തിന്റെ നൊമ്പരം ഒരു സ്ത്രീക്കു മാത്രമേ അറിയാവൂ. അതു പുരുഷന്മാർക്ക് ഒരിക്കലും അറിയില്ല. അവരുടെ ഹൃദയം പരുഷമാണ്. സ്ത്രീഹൃദയമാകട്ടെ ആർദ്രത നിറഞ്ഞതും.

അവർ നിരത്തിലേയ്ക്കിറങ്ങവെ, പിന്നിൽനിന്നും എന്തോ നിഴൽ ചലിക്കുന്നതുപോലെ, ചേച്ചമ്മ ഒരു നിമിഷം സ്തബ്ധയായി നിന്നുപോയി. അവരുടെ ഭയത്തിന്റെ അലകൾ വിടർന്നു. രാത്രിയിൽ താനൊറ്റയ്ക്കാണെന്ന ബോധം ചേച്ചമ്മയുടെ മനസ്സിലെ ഭയത്തെ ഒന്നുകൂടി വർദ്ധിപ്പിച്ചു.

അവർ ഭയത്തോടെ തിരിഞ്ഞുനോക്കി.

ഒരു നിമിഷം ചേച്ചമ്മ നിശ്ചലയായിനിന്നു.

കറിയാച്ചൻ തൊട്ടു മുമ്പിൽ നിൽക്കുന്നു. അവർ ഒരു നിമിഷം അന്യോന്യം നോക്കിനിന്നു. കറിയാച്ചൻ സ്വപ്നത്തിൽപോലും പ്രതീക്ഷിക്കാത്ത ഒരു രംഗം. ഒരിക്കലും ചേച്ചമ്മ ഈ രാത്രിയിൽ തനിയെ വിൽസനെ തേടിപോകുമെന്ന് കരുതിയിരുന്നില്ല. കറിയാച്ചന് ക്ഷണനേരത്തേയ്ക്ക് ഒന്നും ശബ്ദിക്കാൻ കഴിഞ്ഞില്ല; മരവിച്ച രണ്ടു മൺ കോലങ്ങൾപോലെ അവർ ഇരുവരും നിന്നുപോയി.

നിമിഷങ്ങൾ തങ്ങൾക്കു ചുറ്റും ഉറഞ്ഞു നിൽക്കുന്നതുപോലെ.

പ്രപഞ്ചം ഒന്നാകെ തന്റെ മേൽ വന്ന് വീഴുന്നതായി ചേച്ചമ്മയ്ക്കു തോന്നി. എന്തു ചെയ്യണമെന്നോ, എങ്ങോട്ടു പോകണമെന്നോ ഒരു നിശ്ചയവുമില്ല, 'കറിയാച്ചനു തന്റെ ശരീരമാകെ വിയർത്തൊലിക്കുന്നതായി തോന്നി. അയാൾ വരണ്ട ചുണ്ടുകളെ നക്കിനനച്ചുകൊണ്ട് ഉള്ളിൽ തീകട്ടി വന്ന അമർഷത്തോടെ ചോദിച്ചു.

'നീ എവിടേയ്ക്കാണീ പാതിരാ നേരത്ത്? നിനക്കു ഭ്രാന്താണോ? ചേച്ചമ്മേ, നീയെന്താണിങ്ങനെ?

'അതെ, ഭ്രാന്താണ്. എനിക്കല്ല. നിങ്ങൾക്ക് സ്വന്തം മകനെ ഒരു നായയെപ്പോലെ ആട്ടിയോടിച്ച നിങ്ങൾക്കാണ് ഭ്രാന്ത്. പറയൂ എന്റെ മകനെവിടെയാണെന്ന് പറയൂ, എനിക്കവനെ കാണണം. അവനെ നിങ്ങൾ എങ്ങോട്ട് ഓടിച്ചു. എനിക്കവന്റെ അടുത്തു പോകണം.'

ചേച്ചമ്മ കറിയാച്ചന്റെ കാൽക്കൽ വീണ് പൊട്ടിക്കരഞ്ഞു.

എന്തു ചെയ്യണമെന്നറിയാതെ കറിയാച്ചൻ നിശ്ശബ്ദനായിനിന്നു.

നിലാവിന്റെ ശീതകിരണങ്ങളേറ്റ് അപ്പോഴും പ്രപഞ്ചം കോരിത്തരിക്കുകയായിരുന്നു.

(തുടരും)

## ശതാഭിഷേക സ്മാരകം

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസിലെ ശതാഭിഷേക സ്മാരകമായി മാവേലിക്കരയിൽ നിർമ്മിക്കുന്ന മന്ദിരത്തിന്റെ ശിലാസ്ഥാപനം ആഗസ്റ്റ് 17–ന് പ: ബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു.

തുടർന്ന് മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം പ: ബാവാ ഉദ്ഘാടനം ചെയ്തു. കെ. എം. മാത്യു; (മലയാള മനോരമ) എസ്. എസ്. പിള്ള; (മുൻ മാവേലിക്കര മുനിസിപ്പൽ ചെയർമാൻ) റവ: കുര്യൻ തോമസ്; റവ: പി. ഒ. നൈനാൻ ഫാ. പി.വി. ശാമുവേൽ: പോൾ മത്തായി (സമുദായ സെക്രട്ടറി) എന്നിവർ പ്രസംഗിച്ചു.

പി. സി. കുര്യൻ മാവേലിക്കര സ്മാരക മന്ദിരത്തിന്റെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. തോമസ് ചെറിയാൻ സ്വാഗതവും, ഡോ. മേരീ തോമസ് കൃതജ്ഞതയും പറഞ്ഞു.

ഫാ. മത്തായി വിളനിലത്തിന്റെ നേതൃത്വത്തിലുള്ള കമ്മററിയാണ് ശതാഭിഷേക സ്മാരക നിർമ്മാണം നടത്തുന്നത്.

കവിത

## മഹാരാധനം

ജ്ഞാനമേ നിന്നുദാരശോഭയിൽ.
ഞാനലിഞ്ഞിടും വേളയിൽ;
ജ്ഞാനമാകുന്നു നിന്നഗാധമാം–
ജ്ഞാനവൈഭവസാഗരം!!

വാനിടം വർണ്ണരാജികൾ പൂക്കു–
മാലയം, ഹർഷമോഹനം.
മാരിവില്ലിനെ പുൽകിടും വന–
ഭംഗിയും ചിത്രകൗതുകം!

ആഴിയുമഭിരാമകാന്തിയു–
മാററുവക്കിലെ താളവും;
ആരെയുമാർദ്രചിത്തരാക്കുമാ—
നാദവും, വരദാനമേ!

പൊന്നുഷസ്സിനെ പൂർണ്ണമാക്കുന്നു—
പഞ്ചമം പാടും പൈങ്കിളി!—
പാട്ടമീരടിക്കുള്ളിലും നിന്റെ–
നാമമെത്ര മനോഹരം!.

ജീവനുള്ളതിനൊക്കെയും ജന്മ—
ഭാവുകം നേരും ഗീതികൾ;
എന്റെ മാനസച്ചെപ്പിലും വീണു—
സാന്ദ്രമായലിഞ്ഞീടവേ;

ഞാനറിഞ്ഞതില്ലാ നിമേഷത്തിൻ–
ശക്തിയും, ദിവ്യഭാവവും.
ഒന്നു ഞാനറിയുന്നു നിൻകൃപ—
മന്നിലെന്റെ മഹാധനം.

വെള്ളനാട് ഡെന്നിസൻ

ചർച്ച    തുടർച്ച

# അസോസിയേഷനും തിരഞ്ഞെടുപ്പും

പ്രൊഫ: സി. എ. ചാക്കോ തിരുവല്ല

മെത്രാൻ തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഹെറാൾഡ് സംഘടിപ്പിച്ച ചർച്ചാവേദി വളരെ അനുയോജ്യമായിരുന്നു. ചർച്ചയിൽ വന്ന മിക്ക അഭിപ്രായങ്ങളും പ്രസക്തങ്ങളാണ്. ഒരു രാഷ്ട്രീയ തിരഞ്ഞെടുപ്പിന്റെ നിലയിലേക്ക് മെത്രാൻ സ്ഥാനാർത്ഥികളുടെ നിലവാരം താണുപോയതു് ഖേദകരമാണ്. തൽഫലമായ ദൈവനിശ്ചയമായിരിക്കാം ഒരുത്തരും കഴിഞ്ഞ പ്രാവശ്യം തിരഞ്ഞെടുക്കപ്പെടാനിടയാകാഞ്ഞതു്. ഈ അനുഭവം വിലയിരുത്തിയായിരിക്കണം മെത്രാൻ തിരഞ്ഞെടുപ്പിനുവേണ്ടി ഇനിയും സഭാനേതൃത്വം മലങ്കര അസോസിയേഷൻ സംഘടിപ്പിക്കേണ്ടതു്.

### മേഖലാ തിരഞ്ഞെടുപ്പ്

1876 ലെ മുളന്തുരുത്തി സുന്നഹദോസ് കാലത്തു് ഓർത്തഡോക്സ് സഭ തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്നു. അന്നു് സ്വീകരിച്ചിരുന്ന തിരഞ്ഞെടുപ്പ് സംവിധാനമാണ് ഇപ്പോഴും സ്വീകരിക്കുന്നതു്. ഇൻഡ്യൻ ഓർത്തഡോക്സ് സഭ ഇന്നു് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വളർന്നിരിക്കുകയും ഭദ്രാസനങ്ങൾ സ്ഥാപിച്ചിരിക്കുകയുമാണ്. ഈ സാഹചര്യം പരിഗണിച്ച് അതതു് ഭദ്രാസനങ്ങളിലോ മേഖലകളിലോ മലങ്കര അസോസിയേഷൻ അംഗങ്ങൾ സമ്മേളിച്ച് തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്. മേഖലാടിസ്ഥാനത്തിൽ സമ്മേളനം നടത്തുന്നപക്ഷം കേരളത്തെ 2 മേഖലകളായും ബാക്കി തെന്നിൻഡ്യൻ ഭദ്രാസനങ്ങളെയും, വടക്കേ ഇൻഡ്യയെയും അമേരിക്കയേയും ഓരോ മേഖലകളായും വിഭജിക്കാവുന്നതുമാണ്. ഇൻഡ്യൻ പ്രസിഡൻറ് വോട്ടെടുപ്പ് മാതൃകയിൽ, മേഖലാ സമ്മേളനഫലങ്ങൾ സഭാ കേന്ദ്രത്തിൽ അറിയിക്കാവുന്നതും, കേന്ദ്രത്തിൽനിന്നു് ഫലപ്രഖ്യാപനം നടത്താവുന്നതുമാണ്.

### ഐകകണ്ഠേനെയായാൽ

മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ പ. സിനഡും, ബഹു. മാനേജിംഗ് കമ്മററിയും സ്ഥാനാർത്ഥികളുടെ ലിസ്റ്റ് സൂക്ഷ്മപരിശോധന നടത്തുകയും, പ. സഭയുടെ പൊതുനന്മയെ ലാക്കാക്കി പിൻതിരിപ്പിക്കേണ്ടവരെ അപ്രകാരം ചെയ്യിക്കേണ്ടതുമാണ്. റോമാസഭയിലെന്നപോലെ അതതു് ഭദ്രാസന മെത്രാപ്പോലീത്തന്മാരുടെ ശുപാർശ, നോമിനേഷൻ സമർപ്പിക്കുന്നതിനു് ഉണ്ടായിരിക്കണം. കഴിയുമെങ്കിൽ, മത്സരത്തിനും വോട്ടെടുപ്പിനും അവസരം ഉണ്ടാക്കാതെ മെത്രാൻ തിരഞ്ഞെടുപ്പെങ്കിലും ഐകകണ്ഠേനയായാൽ വളരെ നന്നായിരുന്നു. ഏതായാലും സ്വാർത്ഥതാല്പര്യ പ്രേരിതമായ പത്രപരസ്യങ്ങളും, സമ്മേളന ദിവസംപോലും പ്രചരണങ്ങളും നടത്തുന്നവർ സ്ഥാനത്തിനു് യോഗ്യരല്ല. സ്ഥാനാർത്ഥികളെ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രസിദ്ധം ചെയ്യണമെങ്കിൽ, അതു് ഹെറാൾഡു പോലെയുള്ള സഭാ വാരികകളിലോ മാസികകളിലോ മാത്രം, പ. സിനഡോ, തിരഞ്ഞെടുപ്പു കമ്മററിയോ തന്നെ ചെയ്യണം.

ലോകവ്യാപകമായ ഇൻഡ്യൻ ഓർത്തഡോക്സ് സഭ, ഇത്ര വിപുലവും വ്യയഹേതുകവുമായ അസോസിയേഷൻ നടപടി ചട്ടങ്ങളും ക്രമീകരണങ്ങളും പൂർത്തിയാക്കുന്നതു് ഒന്നോ രണ്ടോ മെത്രാന്മാരെ തിരഞ്ഞെടുക്കുന്നതിനായിരിക്കരുതു്. ഏററവും കുറഞ്ഞതു് മൂന്നു്പേരെയെങ്കിലും ഒന്നിച്ച് തിരഞ്ഞെടുക്കുന്നതും വാഴിക്കുന്നതും സൗകര്യപ്രദവും ദീർഘവീക്ഷണപരവുമാണ്. ഈ സാഹ

(ശേഷം 5–ാം പേജിൽ)

# മിഷൻബോർഡ്:

## പ: സുന്നഹദോസ് അംഗീകരിച്ച നിയമാവലി

ഓരോ ഇടവകയിലും ഇപ്പോഴുള്ള ആത്മിക സംഘടനകൾ എല്ലാംതന്നെ ഇടവകാംഗങ്ങളുടെ ആത്മീകവും ലൗകീകവുമായ വളർച്ചയ്ക്കാകയാൽ ക്രിസ്ത്യേതരരുടെ മദ്ധ്യേ മിഷനും സുവിശേഷഘോഷണവും നടത്തുവാനുള്ള ചുമതലയെക്കുറിച്ച് സഭാംഗങ്ങളെ പഠിപ്പിക്കുവാനും അവർ ആഭ്യന്തരമിഷനും ബാഹ്യമിഷനും നടത്തുവാനും നമ്മുടെ എല്ലാ ഇടവകകളിലും ഒരോ സുവിശേഷസംഘം ഉണ്ടായിരിക്കേണ്ടതാണ്. വിശുദ്ധ ത്രിത്വത്തിന്റെ മഹിമ മനസ്സിലാക്കി സത്യ ക്രിസ്തീയജീവിതവും സാക്ഷ്യവുമുള്ളവരായി എല്ലാ സഭാംഗങ്ങളും തീരുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അതിനു് മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടനയ്ക്കു വിധേയമായി, സഭാ മിഷൻ സൊസൈററിയുടെ ഭരണഘടനപ്രകാരം കാര്യങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടു പോകുന്നതിനു് താഴെപ്പറയുന്ന ഉപചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതാകുന്നു. ഈ ഉപചട്ടങ്ങൾ അനുസരിച്ച് കേന്ദ്ര മിഷൻ ബോർഡും അതിൻെറ ഘടകങ്ങളായി ഓരോ ഇടവകയിലും ഓരോ സുവിശേഷ സംഘവും ഉണ്ടായിരിക്കുന്നതാണ്.

### അംഗത്വ യോഗ്യതകൾ

ഓരോ വ്യക്തിയും കർത്താവായ യേശുക്രിസ്തുവിലുള്ള രക്ഷ അനുഭവിക്കേണ്ടതാകുന്നു. ആ രക്ഷയുടെയും ക്രിസ്തീയജീവിതത്തിന്റെയും സന്തോഷം അവരുടെ ജീവിതവും സാക്ഷ്യവും മുഖാന്തരം സഭാംഗങ്ങൾക്കും, ക്രിസ്ത്യേതരർക്കും കൂടി ലഭിക്കേണ്ടതാണെന്നു വിശ്വസിച്ച് അതിനായി പ്രവത്തിക്കേണ്ടതാണ്. അപ്രകാരം പ്രവർത്തിക്കുന്നവർക്കും മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാരങ്ങൾ അംഗീകരിച്ച് മേലധികാരത്തെ അനുസരിക്കുന്ന പതിനെട്ടു വയസ്സ്പൂർത്തിയായ സ്ത്രീ– പുരുഷന്മാർക്കും സുവിശേഷ സംഘത്തിൻെറ അംഗങ്ങളാകാവുന്നതാണ്. അവർ സഭയിൽ ഇപ്പോൾ നിലവിലുള്ളതും പുതുതായി സഭ ആരംഭിക്കുന്നതുമായ ആത്മീക സംഘടനകളുടെ പ്രവർത്തനങ്ങളിൽ അവയോടു സഹകരിച്ചു പ്രവത്തിക്കേണ്ടതാണ്.

### 1. സുവിശേഷ സംഘം ഇടവക യൂണിററുകൾ

അംഗത്വ പ്രവേശനത്തിനു് സംഘത്തിന്റെ പ്രതിജ്ഞാപത്രത്തിൽ ഒരോ അംഗവും ഒപ്പിട്ടിരിക്കണം.

അംഗങ്ങൾ ദശാംശമെങ്കിലും കർത്തൃവേലയ്ക്കായി മാററിവച്ചു കൊടുക്കുവാനും ക്രിസ്തീയ കാര്യവിചാരത്വ ബോധത്തോടുകൂടി സമയവും പണവും താലന്തുകളും ചെലവഴിക്കാനും ശ്രമിക്കേണ്ടതാണ്.

പ്രതിവർഷം രണ്ടു രൂപാ അംഗത്വഫീസായി ഭദ്രാസന സുവിശേഷ ബോർഡിന്റെ ഖജാൻജിയെ യൂണിററു് ഖജാൻജി വഴി ഓരാ അംഗവും ഏൽപിക്കേണ്ടതും അതിന്റെ പകുതി തുക കേന്ദ്ര ഖജാൻജിയെ ഭദ്രാസന ഖജാൻജി ഏല്പിക്കേണ്ടതുമാകുന്നു.

വികാരി യൂണിററിന്റെ പ്രസിഡൻറ് ആയിരിക്കുന്നതാണ്.

ഒരു സീനിയർ അംഗത്തെ വൈസ് പ്രസിഡൻറായി അതതു യൂണിററു് തെരഞ്ഞെടുക്കണം.

യൂണിററു് സെക്രട്ടറിയെ പ്രസിഡൻറ് നിയമിക്കുന്നതാണ്.

യൂണിററ് ഖജാൻജിയെ യൂണിററ് തെരഞ്ഞെടുക്കണം.

ഓരോ യൂണിററിനും ഓരോ കമ്മററി ഉണ്ടായിരിക്കുന്നതും ഭാരവാഹികളുടെ കാലാവധി മൂന്നു വർഷം ആയിരിക്കുന്നതുമാണ്. എന്നാൽ പിൻഗാമികളെ തെരഞ്ഞെടുക്കുന്നതുവരെ അവർ തുടരേണ്ടതാണ്.

യൂണിററുകൾ ആഴ്ച തോറുമോ രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലുമോ സമ്മേളിക്കേണ്ടതാണ്.

സംഘാംഗങ്ങളുടെ പേരുകൾ പ്രതിവർഷം ഭദ്രാസന കേന്ദ്രത്തെ അറിയിക്കണം.

### 2. മെത്രാസന മിഷൻ ബോർഡുകൾ

ഓരോ മെത്രാസനത്തിനും ഓരോ മിഷൻബോർഡ് ഉണ്ടായിരിക്കണം.

ഓരോ മെത്രാസനത്തിലും പ്രവർത്തിക്കുന്ന മററു് ആദ്ധ്യാത്മിക സംഘടനകളുടെ ഡിസ്ട്രിക്ടുകൾ (മേഖലകൾ) ഇതിന്റെയും ഡിസ്ട്രിക്ട് (മേഖല) ആയിരിക്കും.

മെത്രാസന ഇടവക മെത്രാപ്പോലീത്താ അസി. മെത്രാപ്പോലീത്താ മെത്രാസന മിഷൻബോർഡിന്റെ പ്രസിഡൻറ് ആയിരിക്കും. മെത്രാസനമിഷൻപ്രവർത്തനങ്ങൾ ഇതിന്റെ ഭരണഘടനയ്ക്കു് അനുസൃതമായി ഇടവകമെത്രാപ്പോലീത്താ അസി. മെത്രാപ്പോലീത്തായുടെ നിയന്ത്രണത്തിലായിരിക്കും.


മെത്രാസന മിഷൻ ബോർഡിന്റെ വൈസ്പ്രസിഡൻറായി ഒരു വൈദികനെയോ, അവൈദികനെയോ മെത്രാപ്പോലീത്താ നിയമിക്കേണ്ടതാണ്.

ബോർഡിന്റെ അംഗങ്ങൾ പ്രസിഡൻറ്, വൈസ്പ്രസിഡൻറ്, മിഷൻസൊസൈററിയിലെ ഭദ്രാസനപ്രതിനിധി, സെക്രട്ടറി, ഖജാൻജി, ഡിസ്ട്രിക്ട് ഓർഗനൈസറന്മാർ എന്നിവരായിരിക്കും.

ബോർഡിന്റെ കാലാവധി മൂന്നു വർഷം ആയിരിക്കും. പുതിയ ബോർഡു തെരഞ്ഞെടു

(ശേഷം 5-ാം പേജിൽ)

# അമൃതബിന്ദുക്കൾ



### തൊണ്ണൂററിരണ്ടു്

സന്മാർഗ്ഗത്തെ ത്യജിപ്പോർക്കു
കഠിനശിക്ഷ കൈവരും

### തൊണ്ണൂററിമൂന്നു്

നീതിയെപ്പിൻതുടർന്നാകിൽ
ദൈവം കണ്ണു തുറന്നിടും

### തൊണ്ണൂററിനാലു്

ചെവിക്കൊള്ളുന്നു സർവ്വേശൻ
നീതിമാൻ തൻെറ പ്രാർത്ഥന

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

തുടർലേഖനം

# വിശുദ്ധസഭ

## അദ്ധ്യായം അഞ്ച് — തുടർച്ച

### മശിഹായും സഭയുമായുള്ള മിസ്ററിക്കൽ ഐക്യത്തിന്റെ പരിണിത ഫലങ്ങൾ

നമ്മുടെ പ്രാകൃതി ജനനം ഒന്നാമത്തെ ആദാമിൽ നിന്നാകുന്നുവെങ്കിൽ (from Adam), നമ്മുടെ ആത്മീക ജനനം രണ്ടാമത്തെ ആദാമാകുന്ന ക്രിസ്തുവിൽ ആകുന്നു (In Christ) മാമ്മോദീസാമൂലം ക്രിസ്തുവിനോടു നാം ഒരു ശരീരമെന്നപോലെ (മിസ്റ്റിക്കൽ ഗാത്രം) ഒന്നിച്ചു ചേർക്കപ്പെടുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററിരിക്കുന്നു. നിങ്ങൾ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.' (ഗലാ. 3:27) അവൻ നമ്മുടെ തലയാകുന്നു. തലയാകുന്ന തന്നോടു് അവയവങ്ങൾ എന്നപോലെ നാം കൂട്ടിച്ചേർക്കപ്പെടുന്നു. തലയുടെ പ്രവൎത്തനങ്ങൾ അവയവങ്ങളിൽ വ്യാപിക്കുന്നതുപോലെ, ക്രിസ്തുവിന്റെ ഗുണവിശേഷങ്ങൾക്കു നാം അവകാശികളായിത്തീരുന്നു അങ്ങനെ പാപത്തെ ജയിച്ചവനായ ക്രിസ്തുവിന്റെജയ ജീവിതത്തിനു നാമും പങ്കാളികളാണു്. അതുകൊണ്ടു് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവൎക്കു് ഒരു ശിക്ഷാവിധിയും.

ജീവന്റെ ആത്മപ്രമാണം എനിക്കു പാപത്തിന്റെയും, മരണത്തിന്റെയും പ്രമാണത്തിൽ നിന്നു് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു' (റോമ. 8–1:2) നാമോ 'ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നെ.' (റോമ 8:17) അതാകുന്നു നമ്മുടെ വീണ്ടെടുപ്പ്. ആദാമിൽനിന്നും ജനിച്ച പാപികളും കുററക്കാരുമായ നമ്മെ, കഷ്ടാനുഭവങ്ങൾ വഴിയായി ക്രിസ്തുവിന്റെ പുണ്യത്തിനു് അവകാശികളാകത്തക്കവണ്ണം നമ്മുടെ പാപങ്ങളെ പോക്കി തന്നോടു് ഒരു ശരീരമാകുമാറു് ഐക്യപ്പെടുത്തിയതുതന്നെ. മശിഹായുടെ മിസ്റ്റിക്കൽ ഗാത്രത്തിൽ മാമോദീസാ വഴിയായി ഒട്ടിച്ചു ചേർക്കപ്പെട്ടവർ പാപത്തിന്റെ ശിക്ഷാവിധിയിൽ ഇനി അകപ്പെടാതെ അതിനുള്ള പ്രായശ്ചിത്തം (satisfaction) അവൻ തന്നെ ചെയ്തുപോലെ പരിഗണിക്കപ്പെട്ടിട്ടു് സ്വതന്ത്രന്മാരായിത്തീരുന്നു.

### 2. മിസ്റ്റിക്കലൈക്യവും വി.കുർബാനപ്പണവും (The mystical union and the HolyEucharist)

ദൈവവുമായി നിരപ്പാകുന്നതിനുള്ള പരമമായ മാർഗ്ഗം ബലിഅർപ്പണമാണെന്നു് എല്ലാകാലത്തും വിചാരിച്ചുവന്നിട്ടുള്ളതാണു്. മനുഷ്യവർഗ്ഗത്തെ ദൈവവുമായി രഞ്ജിപ്പിക്കുന്നതിനുള്ള മാൎഗ്ഗമായി നമ്മുടെ കർത്താവു് തെരഞ്ഞെടുത്തതും ബലിതന്നെയാണു്. അതായതു് കാൽവറിയിൽവച്ചുള്ള തന്റെ പരമമായ യാഗം (ബ്രാ. 7:27, 9: 26,–10 12 1 കൊരി 5:7, എബ്രാ 9:11–28 വായിക്കുക) കാൽവറിയിലെ ഈ ബലിയെ ഭൂതകാലത്തിലെ ഒരു സംഭവമായി (An event of the Past) മാത്രം ക്രിസ്ത്യാനികൾ വിചാരിക്കുന്നില്ല. വിശുദ്ധ കുർബാന ആ ബലിയുടെ പ്രത്യക്ഷവും ഫലപ്രദവുമായ (effectual) ഓൎമ്മയാണു്. 'എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ' 1 കൊരി, 11:24-25. 'ഓർമ്മ' എന്നുള്ളതിനു് ഗ്രീക്കുമൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദത്തിനു് 'ബലിപരമായ ഓർമ്മ' Sacrifical memorial) എന്നർത്ഥമാകുന്നു. കർത്താവിന്റെ മരണത്തെ മനുഷ്യൻ ഓർക്കുന്നതിനെക്കാൾ, ദൈവത്തെ ഓർപ്പിക്കുന്നതിനുള്ള മുഖാന്തരമാണു് വി. കുർബാന. 'അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. 1 കൊരി. 11:26. വി കുർബാന തന്റെ മരണത്തെ– കാൽവറിയിലെ മരണത്തെ–ദൈവ തിരുമുമ്പാകെ പ്രസ്താവിക്കുന്നതാകയാൽ കാൽവറിയിൽവച്ചു നടന്നതായ ആ ബലിതന്നെയാണു് വിശുദ്ധ കുർബാനയിൽ തുടർന്നുകൊണ്ടുപോരുന്നതെന്നു വന്നുകൂടുന്നു.

നമ്മുടെ പാപമോചനത്തിനു നമ്മെത്തന്നെ ബലിയായി അർപ്പിക്കേണ്ടതിന്റെ ആവശ്യമുണ്ടു്. എന്തെന്നാൽ 'രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപവിമോചനമില്ല. (എബ്രാ. 9:22) എന്നാൽ നമ്മുടെ പാപങ്ങൾക്കുവേണ്ടി കർത്താവു് ഒരിക്കലായി ബലി അർപ്പിക്കപ്പെട്ടു. (എബ്രാ.) അതിനാൽ പാപമോചനത്തിനു് ഇനി നമ്മുടേതായി ഒരു യാഗത്തിന്റെയും ആവശ്യമില്ല. കർത്താവിന്റെ യാഗത്തിൽ നാമും പങ്കാളികളായിത്തീർന്നിട്ടു്, കർത്തൃബലിയോടുകൂടി നമ്മെയും ചേർത്തു സമർപ്പിച്ചാൽ മതിയാകുന്നതാണു്. അതിനുള്ള മാർഗ്ഗമാണു് വി. കുർബ്ബാന.

വി. കുർബാന കർത്താവിന്റെ തിരുശരീര രക്തങ്ങളാകുന്നു. (മത്താ. 26:26–28) അതു തന്റെ മരണത്തിന്റെ ഫലപ്രദമായ ഓർമ്മയാകയാൽ ബലിയാകുന്നു എന്നു നാം കണ്ടുകഴിഞ്ഞു (1 കൊരി. 11: 26) കാൽവറിയിൽ ക്രിസ്തു തന്നെതന്നെ ബലിയായി അർപ്പിച്ചതുപോലെ വിശുദ്ധ കുർബാനയിലും തന്നെത്തന്നെ ബലിയായി അർപ്പിക്കുന്നു. കുർബാന ചൊല്ലുന്ന പട്ടക്കാരനുമായുള്ള മിസ്റ്റിക്കലൈക്യം മൂലം ക്രിസ്തുതന്നെ ഈ ബലി അർപ്പിക്കുന്നു എന്നു പറയാം. തന്റെ ശരീരക്തങ്ങളാകുന്ന അപ്പത്തിലും വീഞ്ഞിലുമുള്ള തന്റെ സാന്നിദ്ധ്യംകൊണ്ടു് വിശുദ്ധ കുർബാനയിൽ തന്നെത്തന്നെയാകുന്ന ബലിയായി അർപ്പിക്കുന്നതു് (The sacrifice is christs. The victim is christ. The priest is christ) വീണ്ടും തന്നോടുകൂടെയുള്ള മിസ്ററിക്കലൈക്യം മൂലമായി നാമും തന്നോടുകൂടി ബലി അർപ്പിക്കുന്നു എന്നും, പറയാവുന്നതാണു്. അഥവാ വിശുദ്ധ കുർബാന തന്റെ മിസ്റ്റിക്കൽ ഗാത്രമായ സഭയുടെ ബലിയർപ്പണമാണു്. പട്ടക്കാരന്റെ ശുശ്രൂഷ മുഖാന്തരമായി തലയാകുന്ന ക്രിസ്തുവിനോടുകൂടി നാമും ഈ ബലിയർപ്പണത്തിൽ സഫലമായി പങ്കെടുക്കുന്നു. ക്രിസ്തുവിനോടു കൂടി നാമും ബലി അർപ്പിക്കുന്നു. ക്രിസ്തുവിനോടുകൂടി നാമും നമ്മെത്തന്നെ അർപ്പിക്കുന്നു.

സഭ ഒരു രാജകീയ പുരോഹിത വർഗ്ഗമാണെന്നുള്ള കാര്യം പുതിയ നിയമത്തിലെ പല ഭാഗങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ടു്. ''നിങ്ങളോ, അന്ധകാരത്തിൽ നിന്നു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും, രാജകീയ പുരോഹിതവർഗ്ഗവും, വിശുദ്ധ വംശവും, സ്വന്തജനവുമാകുന്നു.'' (1 പത്രോ 2:9; 1പത്രോ. 2:5,വെളി1:6) നിത്യപുരോഹിതനായ ക്രിസ്തുവുമായുള്ള മിസ്റ്റിക്കലൈക്യം മൂലം നാമും തന്റെ പൗരോഹിത്യത്തിനു അവകാശികളായിത്തീരുന്നു. പട്ടക്കാരാകട്ടെ, പ്രത്യേക കൎമ്മാനുഷ്ഠാനങ്ങൾക്കായി വേർതിരിക്കപ്പെട്ടിട്ടു്, അവൎക്കു് ആവശ്യമുള്ള ആത്മവ്യാപാരം പ്രാപിച്ചിട്ടുള്ളവരാണ് വിശുദ്ധകുർബാനാർപ്പണം ആ വിധത്തിലുള്ള ഒരു കർമ്മമാകുന്നു. മുൻപറഞ്ഞ ന്യായേന വിശുദ്ധ കുർബാനയിൽ പട്ടക്കാരനോടൊപ്പം ക്രിസ്തുവും, നാമും പ്രാർത്ഥിക്കുന്നു, സ്തുതിക്കുന്നു, ആരാധിക്കുന്നു, മോചനം അപേക്ഷിക്കുന്നു. അങ്ങനെ ക്രിസ്തുവിന്റെ ആരാധനയോടു കൂട നാം പിതാവിനെ ആരാധിക്കുന്നു. നമ്മുടെപ്രാൎത്ഥനകൾ തന്റെ പ്രാൎത്ഥനയായി അൎപ്പിക്കപ്പെടുന്നതിനാൽ അവയ്ക്കു അതിയായ പ്രാധാന്യം ലഭിക്കുന്നു. വി.കുർബാനയിൽ മാത്രമല്ല, നമ്മുടെ എല്ലാ പ്രവൃത്തികളിലും, സംസാരത്തിലും, നോട്ടത്തിലും ക്രിസ്തുവുമായുള്ള ഐക്യം പാലിക്കുവാൻ സൂക്ഷിക്കേണ്ടതാണ്. നാം പ്രാൎത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുമ്പോൾ ഓരോ വ്യക്തികളായിട്ടല്ല പ്രാർത്ഥികയും ആരാധിക്കുകയും ചെയ്യുന്നതു. ക്രിസ്തുവിലുള്ള ഐക്യം മുഖാന്തരമായി സഭ മുഴുവനും നമ്മോടുകൂടെ ആരാധിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുകയത്രേ.

മിസ്റ്റിക്കലൈക്യത്തിന്റെ വ്യാപ്തി നോക്കുക. പുരോഹിതൻ കാർമ്മികനാണ്–കൎമ്മം നടത്തുന്നു–ബലി അർപ്പിക്കുന്നു കർത്താവു് അപ്പം വീഞ്ഞുകളിലുള്ള (ശരീരരക്തങ്ങളിൽ) തന്റെ തിരുസാന്നിദ്ധ്യം മൂലവും (real presence)പട്ടക്കാരനോടും സഭ മുഴുവനോടുമുള്ള മിസ്ററിക്കലൈക്യം മുഖാന്തിരമായും സഭയുടെ തലവനായ നിന്നുകൊണ്ടു് പട്ടക്കാരനോടു കൂടെ ഈ ബലി അർപ്പിക്കുകയും ആ പരമമായ ആരാധനയെ നയിക്കുകയും(Supreme out of Adoration) ഓരോ വിശ്വാസിക്കും അതിൽ പങ്കു കൊള്ളുകയും ചെയ്യുന്നു.

(തുടരും)

## മിഷൻബോർഡ്

(4–ാംപേജിൽനിന്നും തുടർച്ച)

ക്കപ്പെടുംവരെ പഴയ ബോർഡ് ഭരണം തുടരും. മൂന്നു പ്രാവശ്യത്തിൽ കൂടുതൽ ഒരേ ആൾ തുടരെ അംഗമായിരിക്കാവുന്നതല്ല.

ഡിസ്ട്രിക്ട് ഓർഗനൈസറന്മാരെ മെത്രാപ്പോലീത്താ നിയമിക്കുന്നതാണ്.

മെത്രാസന മിഷൻബോർഡു സെക്രട്ടറിയെ മെത്രാപ്പോലീത്താ സുവിശേഷ സംഘാംഗങ്ങളിൽ നിന്നും നിയമിക്കുന്നതാണ്. മിനിട്ട്സ് എഴുതി സൂക്ഷിക്കുക, പ്രസിഡന്റിന്റെ അനുമതിയോടുകൂടി നോട്ടീസ് അയയ്ക്കുക, മെത്രാസന മിഷൻപ്രവൎത്തനങ്ങൾക്കു നേതൃത്വം നൽകുക മുതലായ കാര്യങ്ങൾ സെക്രട്ടറിയുടെ ചുമതലയാണ്

മെത്രാസന ഖജാൻജിയെ ബോർഡ്തെരഞ്ഞെടുക്കണം. ബജററു തയ്യാറാക്കുക, കണക്കുകൾ സൂക്ഷിക്കുക, ഓഡിററു ചെയ്യിക്കുക, മെത്രാസനബോർഡിൽ അവതരിപ്പിക്കുക മുതലായവ ഖജാൻജിയുടെ ചുമതലയാണ്.

ബോർഡിന്റെ ഫണ്ടു് പ്രസിഡന്റിന്റെയും ഖജാൻജിയുടെയും പേരുകളിൽ ജോയിന്റ് അക്കൗണ്ടായി ഷെഡ്യൂൾഡ് ബാങ്കിലോ പോസ്റ്റാഫീസിലോ നിക്ഷേപിക്കേണ്ടതാണ്.

ആകെ അംഗങ്ങളുടെ മൂന്നിലൊന്നു് അധികം ഒന്നു് കോറം ആയിരിക്കും.

### 3. കേന്ദ്രവുമായുള്ള ബന്ധം

മെത്രാസനാധിപന്മാർ ക്ഷണിച്ചാൽ കേന്ദ്ര മിഷൻ ബോർഡിന്റെ പ്രസിഡന്റ് മെത്രാസന മിഷൻ ബോർഡിൽ അദ്ധ്യക്ഷം വഹിക്കാവുന്നതും, തീരുമാനങ്ങൾമെത്രാസനാധിപന്മാർ അംഗീകരിക്കുന്നതോടുകൂടി പ്രാബല്യത്തിൽ വരുന്നതുമാണ്.

മിഷൻ വികസന ഞായറാഴ്ച:കവർപിരിവ്, കാണിക്ക മുതലായവ വർദ്ധിപ്പിക്കുവാൻ മെത്രാപ്പോലീത്തായെ സഹായിപ്പാൻ മെത്രാസന മിഷൻ ബോർഡിനു ചുമതലയുണ്ടു്. ആകെ പിരിവുതുകയുടെ ചെലവു കഴിഞ്ഞു്, വികസനത്തിനുള്ള 50% സഭാകേന്ദ്രത്തിൽ നൽകിയ ശേഷം 10% മിഷൻ ബോർഡുള്ള ഭദ്രാസനങ്ങൾക്കും ബാക്കി40% കേന്ദ്രമിഷൻ സൊസൈററി പ്രവർത്തനങ്ങൾക്കുമായി കേന്ദ്ര മിഷൻ ബോർഡ് ബഡ്ജററു ചെയ്തു് നൽകുന്നതാണ്.

## ആരാധനാഗീത സമീക്ഷ

(2–ാംപേജിൽനിന്നും തുടർച്ച)

മേശവിരിയിൽ നിങ്ങളുടെ മരിച്ചു പോയവരുടെ നാമങ്ങൾ എഴുതുവിൻ.

കർത്താവേ ഞങ്ങളുടെ മേൽ കൃപ ചെയ്തു് ഞങ്ങളെ സഹായിക്കേണമേ.

മാർബാലായിയുടെ ബോവൂസാ

(ഹാദെസ്മ്ലേറഹമ്മേ)

ഗീതം:–

കരുണ നിറഞ്ഞവനേ– പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ–
പുതുതാക്കീടണമേ
നിന്നിൽ നിദ്രയു–ഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണ–
ച്ചേകുക പരിഹാരം
നിന്നഭയമൃതരേ–അബറാഹാ മിസഹാക്
യാക്കോബെന്നിവർതൻ–
മടിയിൽപാർപ്പിക്ക
വന്നവനാം വരുവോൻ–
മൃതരേയേററുന്നോൻ
സ്തുതനെന്നാർത്തീടും–
മെയ്യോടാത്മാവും

അത്ഥം:– കരുണ നിറഞ്ഞവനേ ഉയിർപ്പിന്റെ ദിവസത്തിൽ നിന്റെ സൃഷ്ടിയെ നവീകരിക്കേണമേ. കർത്താവേ നിന്നിലുള്ള ശരണത്തിൽ നിദ്ര പ്രാപിച്ചു് നിന്റെ വരവിനായി നോക്കി പാർത്തിരിക്കുന്ന ഞങ്ങളുടെ മരിച്ചു പോയവരെ നീ ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തണമേ. അബ്രഹാമിന്റെയുംഇസഹാക്കിന്റെയും, യാക്കോബിന്റെയും മടിയിൽ അവരെ വസിപ്പിക്കേണമേ. വന്നവനും വരുന്നവനും മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്നു ശരീരങ്ങളും ആത്മാക്കളും ഒരുപോലെ അട്ടഹസിച്ചു പറയുമാറാകേണമേ.

## അസോസിയേഷനും തിരഞ്ഞെടുപ്പും

(4-ാംപേജിൽനിന്നും തുടർച്ച)

ചര്യത്തിൽ ബഹു. ചെമ്മണ്ണൂർ ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ, 15–4–1988-ലെ ഹെറാൾഡിൽ 5 പേരെ തിരഞ്ഞെടുത്തു് വാഴിക്കേണ്ടതാണെന്നും മററും എഴുതിയിരുന്നതു് വളരെ പ്രസക്തമാണ്. 5 പേരെ തിരഞ്ഞെടുത്താലും 4, 5 വർഷത്തിനുള്ളിൽ ആവശ്യമായ നടപടിക്രമങ്ങളും പരിശീലനങ്ങളും പൂർത്തിയാക്കിയശേഷമേ അവർ ചുമതലകൾ ഏറെറടുക്കാറുള്ളല്ലോ.

സ്ഥാനാൎത്ഥികൾ സാധാരണ ഗതിയിൽ 40–നും 55–നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. വളരെ പ്രായമുള്ളവർ യോഗ്യരായി കാണുന്ന പക്ഷം അവരെ റമ്പാന്മാരാക്കി ഭദ്രാസനങ്ങളിലെ ആത്മീയ പ്രസ്ഥാനങ്ങളുടെയോ മറേറാ ചുമതല നൽകി സഭയ്ക്കു് പ്രയോജനപ്പെടുത്താവുന്നതാണ്. സ്ഥാനാൎത്ഥികൾ ഈ കാലസ്ഥിതിക്കു് കുറഞ്ഞതു് എം. എ. ബി. ഡി. ബിരുദം ഉള്ളവരും, കറയററ ആത്മീയജീവിതം ഉള്ളവരും, വിശ്വാസദൃഢത ഉള്ളവരും ഭരണതന്ത്രജ്ഞരും ആയിരിക്കണം. മാനേജിംഗ് കമ്മററിയും, പ. സുന്നഹദോസും ഈ അഭിപ്രായങ്ങൾ കാര്യമായി പരിഗണിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

ലേഖനം

## ബലവാൻെറ ബലഹീനത

പഴയനിയമ ചരിത്ര വർണ്ണനകളിൽ പ്രത്യക്ഷപ്പെടുന്ന ശക്തിമാന്മാരിൽ പ്രഥമശീർഷനാണ് ശിംശോൻ, ഒരു പക്ഷെ ശക്തിമാന്മാരുടെ കൂട്ടത്തിലെ പരമദയനീയനും ശിംശോൻ തന്നെയാകാം. യിസ്രായേലിൽ രാജാവില്ലാതിരുന്ന കാലത്തെ ഒരു ന്യായാധിപൻ എന്ന നിലയിൽ തൻെറ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ തൻെറ അസാധാരണമായ കായബലം അദ്ദേഹത്തിന് ഒരനുഗ്രഹമായിരുന്നു. ശത്രുക്കളോട് അദ്ദേഹം നിർദ്ദയമായിത്തന്നെ പെരുമാറിയിരുന്നു വ്രതസ്ഥയായ അമ്മയ്ക്കു പിറന്ന മകൻ അതിബലവാനായതിൽ അത്ഭുതപ്പെടാനില്ല ദൈവനിയോഗ പ്രകാരമായിരുന്നു ശിംശോൻെറ ജനനംതന്നെ. നവീനങ്ങളായ ശത്രുസംഹാരമുറകൾ രൂപപ്പെടുന്നതിനുമുമ്പ് ശ്രദ്ധമായ കായികശേഷിക്കായിരുന്നു മതിപ്പ്. ഇന്നത്തെ ഉപരിതല മിസൈലുകളെക്കാളും അക്കാലത്തു് സുരക്ഷിതത്വം ഉറപ്പാക്കിയിരുന്നതു് നല്ല തടിമിടുക്കുള്ള ഒരു നേതാവായിരുന്നു. ആ വ്യക്തിക്ക് ചില അത്ഭുതവരങ്ങൾകൂടി ലഭ്യമായിരുന്നാൽ പ്രാധാന്യം ഇരട്ടിയായി വർദ്ധിക്കുകയും ചെയ്യും. അങ്ങനെ, എല്ലാവരെക്കാളും തോളും തലയും ഉയർന്നു നില്ക്കുന്ന ഈ അതിമാനുഷന് എന്തെങ്കിലും പിഴവോ വീഴ്ചയോ വന്നാൽ അതു് അവർക്ക്തന്നെയും അവരുടെ ജനങ്ങൾക്കും ഒന്നുപോലെ ആപത്കാരണമായി ഭവിക്കും.

മററു പല മനുഷ്യരെയും പോലെ ശിംശോനുമുണ്ടായിരുന്നു ഒരു ബലഹീനത. ആഡംബരങ്ങളായിരുന്നു ആഹാബിൻെറ ബലഹീനതയെങ്കിൽ ശിംശോൻെറ ബലഹീനത ചോദ്യം ചെയ്യപ്പെടേണ്ട സദാചാര നിലയുള്ള സ്ത്രീജനങ്ങളായിരുന്നു. ഇക്കാലത്തും പല മനുഷ്യരും അധികാരികളെയും മേധാവികളെയും ''വേണ്ടതുപോലെ കണ്ട്'' പ്രീണിപ്പിച്ച് കാര്യം നേടുന്നതു്, അവരവരുടെ ബലഹീന ബിന്ദുക്കൾ ഏതെന്ന് അറിഞ്ഞിട്ടുതന്നെയാണ്. ശിംശോനെതിരെ ഫെലിസ്ത്യർ ഫലപ്രദമായി എടുത്തു പ്രയോഗിച്ചതും ഉപയോഗിച്ചാലും മൂർച്ച കുറയാത്ത ഈ പഴയ ആയുധം തന്നെ. തൻെറ ജീവിതരഹസ്യം അതുവരെ ആരുടെയും മുമ്പിൽ പരസ്യമാക്കാതിരുന്ന നാസീർ വ്രതക്കാരൻ ഒരു സ്ത്രീയുടെ നിരന്തരമായ, പരിഭവപൂർണ്ണമായ ചോദ്യത്തിനും കണ്ണുനീരിനും മുമ്പിൽ അടിയറവു പറഞ്ഞു. പരവശനായിത്തീർന്ന അദ്ദേഹം അവളുടെ മുമ്പിൽ തൻെറ ഉള്ളമുഴുവൻ തുറന്നുകാട്ടി– അവൾ തൻെറ ശത്രുക്കളുടെ പ്രതിഫലം പററുന്ന ഏജൻറാണെന്നു തിരിച്ചറിയാതെ. അടിതെററിയുള്ള ആനയുടെ വീഴ്ച. പിന്നീടൊരിക്കലും അതു് പഴയ ഗാംഭീര്യത്തോടെ എഴുന്നേററു നിന്നിട്ടില്ല.

ബലവാനായാലും ബലഹീനനായാലും ''ബലഹീന ബിന്ദുക്കൾ'' തങ്ങളുടെ ബലം കെടുത്തുന്നവയാണെന്നു തിരിച്ചറിയട്ടെ. തങ്ങൾക്കുണ്ടാകുന്ന ചില ചാച്ചിലുകൾ- ബലഹീനതയിലേക്കുള്ളവ- തിരിച്ചറിഞ്ഞ്, അതു് ബലഹീനതയായി വളരുവാൻ അനുവദിക്കാത്തവനത്രെ യഥാർത്ഥജ്ഞാനി.


**പേൾസ് ബ്യൂട്ടിപാർലർ**
ലീലാ കോട്ടേജ്
ഒന്നാം കുററി ജംഗ്ഷൻ
**കായംകുളം**

ബ്യൂട്ടി തൊറാപ്പി; ഹെയർ ഡ്രസിംഗ് ബ്രൈഡൽ മേക്കപ്പ്; കാർ ഡക്കറേഷൻ ബൊക്കകൾ; ക്രൗൺ: എന്നിവ ആകർഷണീയമായി ചെയ്തുകൊടുക്കുന്ന കായംകുളത്തെ പ്രശസ്ത സ്ഥാപനം.

ഒരു മാസത്തേയും മൂന്നുമാസത്തേയും ബ്യൂട്ടീഷ്യൻ കോഴ്സും ആരംഭിച്ചിരിക്കുന്നു. ഉടൻ അപേക്ഷിക്കുക.

ബ്യൂട്ടീഷ്യൻ: പുഷ്പാ പി. ഡാനിയേൽ



*With Best Compliments from:*
**Rev. Dn. George V. Puthoor**
**N. Francisco**

*With Best Compliments for:*
**Geevarghese T. Cherlan**
N. Bernard
**Mrs. Saramma George**
5806 N Bernard

*With Best Compliments from;*
**Cherian Abraham**
N. Kedvale
**Samuel Kochukaleekal**
Maplewood Apt-2
**Baby P. John**
NST Louis, Chicago
**Cherian Poovanal John**
Jarvis Chicago

*With Best Compliments from:*
**Thomas Geevarghese Elmont**
**Mathew Kokuva Elmont**
**Simon Eapen Fenwood Drive**
**Baby John Toronto**
**Montreol St. Thomas Orthodox Church**





Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst K.P. Jacob, (Hon) Chief Editor ... Malankara Orthodox Herald Devalokam Kottayam-686 038.